LIBRARY ARCHIVES Kerala Legislative Assembly

(ബി) കർഷകന്റെ ഉരുക്കൾക്ക് അസുഖം, പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള മരണത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുക, അതോടൊപ്പം വന്ധ്യതമൂലമോ അകിടുവീക്കം പോലുള്ള രോഗങ്ങൾമൂലമോ പാലുല്പാദനം നിലയ്ക്കുന്നതുമൂലമോ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ മുഖേന 2016-17 സാമ്പത്തിക വർഷം 173.8 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് ഇതിലേക്ക് അനുവദിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം സംസ്ഥാന ആവിഷ്കൃത പദ്ധതിയായ ഗോസമൃദ്ധി പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ കീഴിലുള്ള സ്ഥിരം/കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

131(829) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ പ്രവർത്തിക്കുന്ന സ്ഥിരം/കരാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ഈ ശമ്പളപരിഷ്കരണത്തിലൂടെ ജീവനക്കാർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് മുമ്പ് ഏത് വർഷമാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾക്ക് കീഴിലുള്ള ഫാമുകളിലെ സ്ഥിരം/കാഷ്വൽ തൊഴിലാളികൾക്ക് സ.ഉ.(അച്ചടി)നമ്പർ 8/2017/കൃഷി തീയതി 17-5-2017 പ്രകാരം ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രാബല്യ തീയതി 1-7-2014 മുതലാണ്. ശമ്പള പരിഷ്കരണത്തോടൊപ്പം വിവിധ അലവൻസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ 23 ഫാമുകളിലായി 153 സ്ഥിരം തൊഴിലാളികളും 356 കാഷ്വൽ തൊഴിലാളികളും പണിയെടുക്കുന്നുണ്ട്. പ്രതിവർഷം ശമ്പള പരിഷ്കരണംമൂലം ഏകദേശം ഒരു കോടി രൂപയുടെ അധിക ബാധ്യതയുണ്ടായിട്ടുണ്ട്. ഫാമുകളിൽ ശമ്പള കുടിശ്ശിക കണക്കാക്കിവരുന്നു. ക്ഷീരവികസന വകുപ്പിൽ ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക ബാധ്യത കണക്കാക്കിയിട്ടില്ല.

(സി) മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളിൽ 27-6-2012-ൽ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(പി)156/2012/കൃഷി പ്രകാരമാണ് ഇതിനുമുമ്പ് ശമ്പള പരിഷ്കരണം അനുവദിച്ചത്.